ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 04.09.2026

## പ്രധാനവാർത്തകൾ

1. 1.ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-05 വിജയകരമായി വിക്ഷേപിച്ചു. രാജ്യത്തിൻറെ ഭൗമനിരീക്ഷണ സേവനങ്ങൾ ഇനി കൂടുതൽ മെച്ചപ്പെടുമെന്ന് ഐ.എസ്.ആർ.ഒ

2. യഥാർത്ഥ സാമൂഹിക ആവശ്യങ്ങൾ നിറവേറ്റാൻ കഴിവുള്ള നൂതനാശയങ്ങൾ വികസിപ്പിക്കാൻ യുവ ഗവേഷകരോട് ആഹ്വാനം ചെയ്ത് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ, ഉപരാഷ്ട്രപതി നാളെ ചെന്നൈയിൽ സന്ദർശനം നടത്തും.

3. സംസ്ഥാനത്ത് ശ്രീകൃഷ്ണ ജയന്തി ദിനം വിപുലമായി ആഘോഷിച്ച് ഭക്തലക്ഷങ്ങൾ, ആശംസയറിയിച്ച് ഗവർണറും മുഖ്യമന്ത്രിയും.

4. സംസ്ഥാന മന്ത്രിഭയിലെ അംഗങ്ങൾക്കായി കോഴിക്കോട് ഐ ഐ എമ്മിൽ നടക്കുന്ന റീ ഇമാജിനിംഗ് കേരളം ദ്വിദിന ശിൽപ്പശാലയ്ക്ക് തുടക്കമായി,സംസ്ഥാനത്തിന്റെ ദീർഘകാല വികസന സാധ്യത ചർച്ച ചെയ്ത് ശിൽപ്പശാല.

5. ഭാവിയിൽ നിർമ്മിത ബുദ്ധിയുടേയും നാനോ ടെക്നോളജിയുടെയും സഹായത്തോടെ

ആരോഗ്യമേഖലയിൽ വൻ വിപ്ലവങ്ങൾ സൃഷ്ടിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ

6. കേരള ക്രിക്കറ്റ് ലീഗ് മൂന്നാം സീസണിൻറെ ആദ്യ സെമിയിൽ ട്രിവാൻഡ്രം റോയൽസിനെ പരാജയപ്പെടുത്തി തൃശൂർ ടൈറ്റൻസ് ഫൈനലിൽ.

&&&&&&&&&&&&&&&&&&&&&&

<u>ഐ എസ് ആർ ഒ-ഉപഗ്രഹം</u>

ഇന്ത്യയുടെ ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-05 വിജയകരമായി വിക്ഷേപിച്ച് ഐ.എസ്.ആർ.ഒ . ശ്രീഹരിക്കോട്ടയിലുള്ള സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് ഇന്ന് പുലർച്ചെയായിരുന്നു വിക്ഷേപണം. വിക്ഷേപണം നടന്ന് 18 മിനിറ്റിനുള്ളിൽ 2,367 കിലോഗ്രാം ഭാരമുള്ള ഉപഗ്രഹത്തെ സുസ്ഥിര ഭ്രമണപഥത്തിൽ വിജയകരമായി എത്തിച്ചതായി ഐ.എസ്.ആർ.ഒ അറിയിച്ചു. ഭൗമനിരീക്ഷണം ശക്തമാക്കുന്നതിനും തത്സമയ ചിത്രങ്ങൾ നൽകുന്നതിനുമായി രൂപകൽപ്പന ചെയ്തിട്ടുള്ള ഈ ഉപഗ്രഹം കൃഷി, പ്രകൃതിവിഭവ നിരീക്ഷണം, ദുരന്തനിവാരണം എന്നിവയ്ക്ക് ഏറെ സഹായകരമാകും. ദൗത്യം വിജയകരമായി പൂർത്തിയാക്കിയതിലൂടെ ഇന്ത്യയുടെ ഭൗമനിരീക്ഷണ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുമെന്ന് ഐ.എസ്.ആർ.ഒ ചെയർമാൻ വി. നാരായണൻ പറഞ്ഞു.

RNUTVPM

&&&&&&&&&&&&&&&&&&&&&&

<u>EOS-05-പ്രധാനമന്ത്രി</u>

ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-05 ന്റെ വിജയകരമായ വിക്ഷേപണത്തെ പ്രധാനമന്ത്രി നരേന്ദ്ര

മോദി അഭിനന്ദിച്ചു. ഭാരതത്തിന്റെ ബഹിരാകാശ മേഖലയുടെ മികവിന്റെയും നവീകരണത്തിന്റെയും വളരുന്ന ശേഷിയുടെയും പ്രതിഫലനമാണ് ഈ വിജയമെന്ന് സമൂഹമാധ്യമക്കുറിപ്പിൽ പ്രധാനമന്ത്രി വ്യക്തമാക്കി. ഐ.എസ്.ആർ.ഒയും ഇന്ത്യൻ വ്യവസായ മേഖലയും തമ്മിൽ വളർന്നുവരുന്ന പങ്കാളിത്തം രാജ്യത്തിന്റെ ബഹിരാകാശ പദ്ധതികൾക്ക് പുതിയ കരുത്തും വ്യാപ്തിയും നൽകുന്നുണ്ടെന്നും ബഹിരാകാശ മേഖലയിലാകെ ഇന്ത്യയുടെ ശേഷി വർദ്ധിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി -പഞ്ചാബ്

യഥാർത്ഥ സാമൂഹിക ആവശ്യങ്ങൾ നിറവേറ്റാൻ കഴിവുള്ള നൂതനാശയങ്ങൾ വികസിപ്പിക്കാൻ യുവ ഗവേഷകരോട് ആഹ്വാനം ചെയ്ത് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. ചണ്ഡീഗഢിലെ പഞ്ചാബ് സർവകലാശാലയിലെ പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ശാസ്ത്രത്തെ ലക്ഷ്യബോധത്തോടെ പിന്തുടരണമെന്നും പരാജയങ്ങളെ ധൈര്യത്തോടെ നേരിടണമെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ പഞ്ചാബ് യൂണിവേഴ്സിറ്റി ടെക് ഇന്നൊവേഷൻ ഫോറവും ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.

RNUTVPM

&&&&&&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി . - ചെന്നൈ

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നാളെ ചെന്നൈയിൽ സന്ദർശനം നടത്തും. ഹൃദ്രോഗ ചികിത്സാ രംഗത്തെ മുന്നേറ്റം പ്രതിഫലിപ്പിക്കുന്ന 'ഇന്ത്യ വാൽവ്സ് 2026' എന്ന ദേശീയ അക്കാദമിക മീറ്റിൽ അദ്ദേഹം

പങ്കെടുക്കും.ഇതിന്റെ ഭാഗമായി 'ഇന്ത്യ വാൽവ് രജിസ്ട്രി' യുടെ ഉദ്ഘാടനവും ഉപരാഷ്ട്രപതി നിർവഹിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&

<u>റീഇമാജിനിങ് കേരളം (ഇൻട്രോ)</u>

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സംഘടിപ്പിക്കുന്ന 'റീഇമാജിനിങ് കേരളം' ദ്വിദിന നേതൃത്വ ശിൽപശാലയ്ക്ക് കോഴിക്കോട് IIM-ൽ തുടക്കമായി. മുഖ്യമന്ത്രി വി ഡി സതീശൻ പരിപാടി ഉദ്ഘാടനം ചെയ്തു. മുഖ്യമന്ത്രിയും മുഴുവൻ മന്ത്രിസഭാംഗങ്ങളും പങ്കെടുക്കുന്ന പരിപാടിയിൽ സംസ്ഥാനത്തിന്റെ ദീർഘകാല വികസന സാധ്യതകളും ഭാവി വെല്ലുവിളികളും ചർച്ചയാകും.

വിശദാംശങ്ങളിലേക്ക്...........

<u>റീഇമാജിനിങ് കേരളം (വോയിസ്)</u>

കോഴിക്കോട് IIM-ലെ റീ ഇമാജിനിങ് കേരളം ദ്വിദിന പരിശീലന പരിപാടിയിൽ സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ അവലോകനം ചെയ്യും. IIM കോഴിക്കോടിലെ അധ്യാപകർ, രാജ്യാന്തര വിദഗ്ധർ എന്നിവർ പങ്കെടുക്കുന്ന ചർച്ചകളിൽ, കാലാവസ്ഥാ പ്രതിരോധം, പൊതുജനാരോഗ്യം, സംരംഭകത്വം, നൈപുണ്യ വികസനം, ഉന്നത വിദ്യാഭ്യാസത്തിലെ മികവ് , സമൂഹാധിഷ്ഠിത ദുരന്തനിവാരണം, തുടങ്ങിയ വിഷയങ്ങൾ ചർച്ചയാകും. ഭരണ രംഗത്ത് പ്രൊഫഷണലിസവും കാര്യക്ഷമതയും ഉറപ്പുവരുത്തുകയാണ് കോഴിക്കോട് IIM-ൽ ആരംഭിച്ച രണ്ട് ദിവസത്തെ പരിശീലന പരിപാടിയുടെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി വിഡി സതീശൻ പറഞ്ഞു. നിർമിത ബുദ്ധി യുഗത്തിലെ

RNUTVPM

ഭരണനേതൃത്വം, ധനകാര്യ നവീകരണം, പൊതുജനാരോഗ്യരംഗത്തെ വെല്ലുവിളികളും സാധ്യതകളും തുടങ്ങി വിവിധ സെഷനുകൾ, പരിശീലന പരിപാടിയുടെ ഭാഗമാണെന്നും മുഖ്യമന്ത്രി അറിയിച്ചു. ഇത് രണ്ടാം തവണയാണ് കേരള മന്ത്രിസഭയ്ക്കായി ഐ.ഐ.എം.കെ സമർപ്പിത നേതൃത്വ പരിപാടി സംഘടിപ്പിക്കുന്നത് .

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&&&&&&&&&

## ടെക്കോൺ 26 - CM

ലോകത്ത് ഓരോ നിമിഷവും പുതിയ അറിവുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണെന്നും,

മാറുന്ന കാലത്തിനനുസരിച്ച് അറിവുകൾ നിരന്തരം ആർജ്ജിക്കേണ്ടത് ഇന്നത്തെ തലമുറയുടെ ഏറ്റവും വലിയ വെല്ലുവിളിയാണെന്നും മുഖ്യമന്ത്രി വി.ഡി. സതീശൻ. കാക്കനാട് കിൻഫ്ര കൺവെൻഷൻ സെൻ്ററിൽ നടന്ന 'ടെക്കോൺ 26' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാവിയിൽ എ.ഐയുടെയും നാനോ ടെക്നോളജിയുടെയും സഹായത്തോടെ ആരോഗ്യമേഖലയിൽ വൻ വിപ്ലവങ്ങൾ സംഭവിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

PNUTVPM

&&&&&&&&&&&&&&&&&&&&&&&&&&

## സംസ്ഥാന സ്കൂൾ കായിക മേള

ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായിക മേളക്ക് കോഴിക്കോട് വേദിയാവും. അടുത്ത മാസം 24 മുതൽ 29 വരെയാണ് സ്കൂൾ കായിക മേള . സംസ്ഥാന സ്കൂൾ കായികമേള സംഘാടക സമിതിയോഗം മറ്റന്നാൾ രാവിലെ

11നു പൊതുവിദ്യാഭ്യാസമന്ത്രി എൻ.ഷംസുദ്ദീൻ കോഴിക്കോട് പ്രോവിഡൻസ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ ഉദ്ഘാടനം ചെയ്യും..

&&&&&&&&&&&&&&&&&&&&&&

ശ്രീകൃഷ്ണ ജന്മാഷ്ടമി (ഇൻട്രോ)

അഷ്ടമിരോഹിണി മഹോത്സവത്തോടനുബന്ധിച്ച് കേരളത്തിലെ ശ്രീകൃഷ്ണസ്വാമി ക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെട്ടത്. ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ പുലർച്ചെ മുതൽ നിരവധി ഭക്തരാണ് ദർശനത്തിനെത്തിയത്. ശ്രീ കൃഷ്ണ ജയന്തിയോടനുബന്ധിച്ച് ക്ഷേത്രത്തിൽ ഇന്ന് പ്രത്യേക പൂജകൾ നടന്നു. ജന്മാഷ്ടമിയോടനുബന്ധിച്ച് വിവിധ സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ വിവിധയിടങ്ങളിൽ ശോഭായാത്രകളും അരങ്ങേറി. 52 പള്ളിയോട കരക്കാരുൾപ്പടെ അര ലക്ഷത്തോളം ഭക്തർ ആറന്മുള അഷ്ടമിരോഹിണി വള്ളസദ്യയിൽ പങ്കെടുത്തു. അഷ്ടമിരോഹിണി ദിനത്തിൽ ഭക്തിസാന്ദ്രമായി ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം. ശ്രീകൃഷ്ണ ജയന്തി പ്രമാണിച്ചു ചരിത്രത്തിലെ ഏറ്റവും വലിയ ഭക്തജനത്തിരക്കിനാണ് ഇന്ന് പുണ്യസന്നിധി സാക്ഷ്യം വഹിച്ചത് .

വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്......

(വോയിസ്)

&&&&&&&&&&&&&&&&&&&&&&

ശ്രീകൃഷ്ണ ജയന്തി-ഗവർണർ

RNIUTVPM

ശ്രീകൃഷ്ണ ജയന്തി ദിനത്തിൽ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ഭഗവാൻ ശ്രീകൃഷ്ണന്റെ ജീവിതവും ഉപദേശങ്ങളും, സത്യത്തിന്റെയും കരുണയുടെയും പാതയിലൂടെ മനുഷ്യരാശിയെ നയിക്കുന്നതായി ഗവർണർ സന്ദേശത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&

<u>ഡി ഡി - ഇ ടെൻഡർ</u>

ഡി ഡി മലയാളത്തിൽ സംപ്രേക്ഷണം ചെയ്യുന്നതിനായി പ്രസാർ ഭാരതി 56 എപ്പിസോഡുകൾ അടങ്ങുന്ന സെലിബ്രിറ്റി എന്റർടൈൻമെന്റ് ഷോയ്ക്കായി ഇ ടെൻഡർ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾക്കായി prasarbharati.eproc.in എന്ന പോർട്ടൽ സന്ദർശിക്കുക. അപേക്ഷിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 14.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&

<u>കാന്തല്ലൂർ വെളുത്തുള്ളി (ഇൻട്രോ)</u>

മറയൂർ-കാന്തല്ലൂർ മേഖലയിലെ കർഷകർക്ക് ആശ്വാസമായി വെളുത്തുള്ളി വില, കിലോയ്ക്ക് 300 രൂപയായി ഉയർന്നു. ഭൗമസൂചിക പദവിയുള്ള കാന്തല്ലൂർ വെളുത്തുള്ളിക്ക് തമിഴ്നാട്ടിലെ വടുകുപ്പെട്ടി വിപണിയിലാണ് നിലവിൽ മികച്ച വില ലഭിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...

(വോയിസ്)

&&&&&&&&&&&&&&&&&&&&&&

<u>കേരള ക്രിക്കറ്റ് ലീഗ്</u>

കേരള ക്രിക്കറ്റ് ലീഗ് മൂന്നാം സീസണിൻറെ ആദ്യ സെമിയിൽ ട്രിവാൻഡ്രം റോയൽസിനെ ഒരു വിക്കറ്റിന് പരാജയപ്പെടുത്തി തൃശൂർ ടൈറ്റൻസ് ഫൈനലിൽ. നിശ്ചിത ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ ട്രിവാൻഡ്രം റോയൽസ് ഉയർത്തിയ 164 റൺസ് വിജയലക്ഷ്യം 9 വിക്കറ്റ് നഷ്ടത്തിൽ167 റൺസ് നേടി തൃശൂർ ടൈറ്റൻസ് മറികടന്നു. രാത്രി എഴു മണിക്ക് നടക്കുന്ന രണ്ടാം സെമിയിൽ ആലപ്പി റിപ്പിൾസ് - കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ നേരിടും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ.

&&&&&&&&&&&&&&&&&&&&&&

<u>ഓഹരി, സ്വർണ്ണവില</u>

രാജ്യത്തെ ഓഹരി വിപണകൾ നേട്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു . ബോംബെ ഓഹരിസൂചിക സെൻസെകസ് 362 പോയിന്റ് ഉയർന്ന് 76,515 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 24 പോയിന്റ് ഉയർന്ന് 23,897 ലും വ്യാപാരം അവസാനിപ്പിച്ചു . സ്വർണ്ണവില കൂടി. ഗ്രാമിന് 120 കൂടി 14,360 രൂപയും, പവന് 960 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 14,880 രൂപയുമാണ് ഇന്നത്തെ വില .

&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&
&&&

RNUTVPM